# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 759** 12.12.2012-ൽ മറുപടിക്ക്

## ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ ക്ഷാമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. കെ. ലതിക : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നതിൽ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ ചില ജില്ലകളിൽ ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നതിൽ പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരവധി തവണ സംസ്ഥാന തല കൗൺസിലിംഗ് നടത്തിയിട്ടും പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ആവശ്യമായ ഡോക്ടർമാരെ ലഭിച്ചിട്ടില്ല. |
| (ബി) ഈ വിഷയം പരിഹരിക്കുന്നതിന് മെഡിക്കൽ സയൻസിൽ മൂന്നര വർഷംകൊണ്ട് ലഭിക്കുന്ന ബിരുദം നൽകുവാൻ ഉദ്ദേശിച്ച് കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന പദ്ധതി സംസ്ഥാനത്ത് അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;<br>(സി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | **(ബി) & (സി)**<br>ഈ വിഷയം സംബന്ധിച്ച് കേന്ദ്ര സർക്കാർ അന്തിമ തീരുമാനങ്ങൾ കൈക്കൊള്ളുകയോ പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കണമെന്ന നിർദ്ദേശം ലഭിക്കുകയോ ചെയ്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**